# ചിറ്റിലപ്പിള്ളിയിലേക്ക് പോകാം.

**ഷീല, മോഹിനി**

തൃശൂർ ജില്ലയിലെ ചിറ്റിലപ്പിള്ളി ദേശത്തിനു ചില പ്രത്യേകതകളുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിലോ മറ്റോ രചിക്കപ്പെട്ട ചന്ദ്രോത്സവത്തിന്റെ കർത്താവ് പേരറിയാത്ത ഏതോ ചിറ്റിലപ്പിള്ളിക്കാരനാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. ശാന്തിനികേതൻ എന്ന വാക്കിനും ചില പ്രത്യേകതകളുണ്ടല്ലൊ. ആ വാക്കു കേൾക്കുമ്പോഴേക്കും ടാഗോറിന്റെ രൂപം മനസ്സിൽ പൂവിരിയുന്നു. പെയ്ൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി പ്രവർത്തകരുടെ ശാന്തനികേതൻ ചിറ്റിലപ്പള്ളിയിലാണ്. ആ സ്ഥാപനത്തിലെ കർത്താവിന്റെ മണവാട്ടിമാരും അവർ ശുശ്രൂഷിക്കുന്ന കാൻസർ രോഗികളും ഏതൊരു മനുഷ്യസ്നേഹിയുടെയും ശ്രദ്ധപിടിച്ചുപറ്റുന്നു.

“അമ്മ”മാരായ രണ്ടു സന്നദ്ധപ്രവർത്തകർ പാലിയേറ്റീവ് കെയർ സൊസൈറ്റിയിലുണ്ട്. സിസ്റ്റർ ഫ്രഡറിക്കും സിസ്റ്റർ അനാനിയയും പക്ഷേ ചിറ്റിലപ്പിള്ളിയിലെ അമ്മമാരെ കാണാൻ പെയ്ൻ & പാലിയേറ്റിവ് കെയർ സൊസൈറ്റിക്കു പ്രത്യേക താല്പര്യമുണ്ട്. ഏതെങ്കിലും ഒരു കാൻസർ രോഗി ഒരു നേരം ഭക്ഷണം വേണ്ടെന്നു ശഠിച്ചാൽ ആ രോഗിയൊടൊപ്പം ഉപവസിക്കുന്ന സിസ്റ്ററിനെ എങ്ങനെ നമിക്കാതിരിക്കും?

ശാന്തിനികേതനിൽനിന്ന് ഫോൺ സന്ദേശമെത്തിയാൽ സന്നദ്ധപ്രവർത്തകരും നഴ്സുമാരും ഡോക്ടറും ഉടൻ തയ്യാറെടുക്കുന്നു. ഞാൻ പോകാമെന്ന് ഡ്രൈവർമാരായ വിജയനും ജേക്കബും മത്സരിക്കുന്നു! പെയ്ൻ ക്ലിനിക്കിലെ പ്രവർത്തകർക്കായി ആ കന്യാസ്ത്രീ മഠത്തിന്റെ വാതിലുകൾ തുടന്നിട്ടിരിക്കുന്നു. മനസു നിറയെ ക്രിസ്തുവിന്റെ സ്നേഹവുമായി അമ്മ ഞങ്ങളെ സ്വീകരിക്കുന്നു. ഓരോ രോഗിയുടെയും പ്രശ്നങ്ങൾ രോഗിയെക്കാളേറെ നന്നായി വിശദീകരിക്കുന്നു. പെയ്ൻ ക്ലിനിക്കിലെ ഡോക്ടർമാരുടെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുന്നു. കൃത്യസമയത്ത് രോഗികൾക്കു ഭക്ഷണവും ഔഷധവും നൽകുന്നു. ഏറ്റവും എടുത്തു പറയേണ്ടതു ശുചിത്വകാര്യത്തിൽ അമ്മമാരുടെ ഊന്നലാണ്. അതിലേറെ അവർ രോഗികളോടു കാണിക്കുന്ന സ്നേഹവും.

ജാതി, മത പരിഗണനകളില്ല. ആരും തുണയില്ലാത്ത കാൻസർരോഗിയാണോ? കിടക്ക ഒഴിവുണ്ടെങ്കിൽ ശാന്തിനികേതനിലെ അമ്മമാർ പ്രവേശനം നിഷേധിക്കില്ല; തീർച്ച. കിടക്ക ഒഴിവുവന്നാൽ പെയ്ൻ ക്ലിനിക്കിലേയ്ക്ക് ഫോൺ വരും. “പുരുഷവിഭാഗത്തിൽ രണ്ടും സ്ത്രീ വിഭാഗത്തിൽ മൂന്നും കിടക്കകൾ ഒഴിവുണ്ട്. ആരുമില്ലാത്ത കാൻസർ രോഗികളെ കൊണ്ടുവരാം.”

രോഗികളെ പരിശോധിച്ചുകഴിഞ്ഞാൽ കാപ്പിയും എന്തെങ്കിലും പലഹാരവും കഴിക്കാതെ പോരാൻ പറ്റില്ല. അതിനിടയിൽ അമ്മമാർ ഞങ്ങളെ പ്രോത്സാഹിപ്പിക്കും. “ഞങ്ങൾ തിരുവസ്ത്രം സ്വീകരിച്ചവർ; സേവനത്തിനായി സ്വയം അർപ്പിച്ചവർ പക്ഷേ നിങ്ങളുടെ സ്ഥാനം ഞങ്ങൾക്കും മീതെയാണ്. നിങ്ങൾക്കു കുടുംബവും പ്രാരാബ്ധവുമില്ലേ? എന്നിട്ടും നിങ്ങൾ ഇത്രയൊക്കെ ചെയ്യാൻ സമയം കണ്ടെത്തുന്നില്ലേ? നിങ്ങൾ അനുഗൃഹീതരാണ്, സംശയമില്ല.” മറുപടി ഞങ്ങൾ ചിരിയിലൊതുക്കും. പറയാത്ത മറുപടി പാടാത്ത പാട്ടിന്റെ മാധുര്യം പോലെയും എഴുതാത്ത കവിതയുടെ ചൈതന്യം പോലെയും ഞങ്ങളുടെ മനസ്സിൽ നിറഞ്ഞു നിൽക്കും.

കുരിശിൽ ചോരയൊലിച്ചു നിത്യവേദനയിൽ ശാന്തിയന്വേഷിക്കുന്ന ക്രിസ്തുവിൻനിന്നാണ്, പുതിയ കാലത്തു കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും നീരൊഴുക്കുകൾ. ഫ്രാൻസിസ് പുണ്യാളനിലൂടേയും ഫാദർ ഡാമിയനിലൂടേയും മദർതെരേസയിലൂടേയും അത് നമ്മുടെയിടയിൽ ശാന്തിനികേതനിലെ അമ്മമാരിലൂടെ അസുഖമുള്ളവരിൽ എത്തുന്നു.

• • • • • • • • • • •